കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 18 | ഡിസംബർ 31, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

3 കസ്തൂർബാ ഗ്രന്ഥശാലയിലെ പച്ചക്കറിത്തോട്ടം പദ്ധതി കൃഷിമന്ത്രി ഉദ്ഘാടനം ചെയ്തു

4 മൊബൈൽ വെറ്റിനറി ക്ലിനിക്കുകൾ ആരംഭിക്കും: മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി

6 കാർഷികയന്ത്രങ്ങൾ വിതരണം നടത്തി

# ആന്ധ്രയിൽ നിന്നും കേരളത്തിലേയ്ക്ക് 10 ടൺ തക്കാളി



തക്കാളിവണ്ടി ഉൽപാദകനും ഉപഭോക്താവിനും ആശ്വാസം

ബഹു: കാർഷിക വികസന കർഷകക്ഷേമവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് തക്കാളി വണ്ടി ഫ്ലാഗ് ഓഫ് ചെയ്യുന്നു

കൃഷി വകുപ്പ് ഹോർട്ടികോർപ്പ് മുഖാന്തിരം ആന്ധ്രാപ്രദേശിലെ കർഷകരിൽ നിന്നും 10 ടൺ തക്കാളി കൂടി കേരളത്തിൽ എത്തിക്കുവാൻ കഴിഞ്ഞതായി കൃഷി മന്ത്രി ശ്രീ പി. പ്രസാദ് അറിയിച്ചു. പച്ചക്കറികൾക്ക് വില കുതിച്ചുയർന്ന സമയത്ത് കൃഷി വകുപ്പ് കഴിഞ്ഞ ഒരു മാസമായി ശക്തമായ രീതിയിൽ വിപണി ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി പച്ചക്കറികളുടെ വില പൊതു വിപണിയിൽ നിയന്ത്രിക്കുവാനും കഴിഞ്ഞിട്ടുണ്ട്. പ്രാദേശികമായി കർഷകരിൽ നിന്നും സംഭരണം ശക്തമാക്കുകയും തമിഴ്നാട്ടിലെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുകയും ഇക്കാലയളവിൽ കൃഷിവകുപ്പ് ചെയ്യുകയുണ്ടായി. തെങ്കാശിയിലെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറികൾ സംഭരിക്കുന്നതിന് ധാരണയുമായിട്ടുണ്ട്. ആന്ധ്രായിലെ മുളകാലച്ചെരുവിൽ നിന്നുമുള്ള കർഷകരിൽ നിന്നുമാണ് ഇപ്പോൾ തക്കാളി സംഭരിച്ചിരിക്കുന്നത്.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# കൊക്കൊ റോയൽ വെളിച്ചെണ്ണ ബ്രാന്റ് ലോഗോ പ്രകാശനവും കേരജം ഹെയർ ഓയിലിന്റെ വിപണന ഉദ്ഘാടനവും കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് നിർവഹിച്ചു

നാളികേര വികസന കോർപ്പറേഷൻ നിർമിക്കുന്ന വെളിച്ചെണ്ണ "കൊക്കൊറോയൽ" ബ്രാന്റിന്റെ ലോഗോ പ്രകാശനവും അതിനോട് അനുബന്ധിച്ച് കോർപ്പറേഷന്റെ തനത് ബ്രാൻഡ് ആയ "കേരജം ഹെയർ ഓയിൽ" വിപണനോൽഘാടനവും സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ പി.പ്രസാദ് വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് നിർവഹിച്ചു. നാളികേരത്തിന്റെ ഏത് മൂല്യവർധിത ഉത്പന്നവും വിപണനം നടത്തുമ്പോൾ ലാഭവിഹിതം കർഷകർക്ക് ലഭിക്കുന്ന രീതിയിൽ ആസൂത്രണം ചെയ്യണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കേര കർഷകരെ സംരക്ഷിക്കുന്നതിനായി തേങ്ങയ്ക്ക് വിപണിയും മതിയായ വിലയും ഉറപ്പുവരുത്തുന്നതിനായി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ നീര, വിർജിൻ കോക്കനട്ട് ഓയിൽ, കേരജം ഹെയർ ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ഫ്രോസൻ ഗ്രേറ്റഡ് കോക്കനട്ട്, കോക്കനട്ട് ചിപ്സ്, തേങ്ങ വെളളത്തിൽ നിന്നും വിനീഗർ, കോക്കനട്ട് ലെമണേഡ്, കോക്കനട്ട് ചമന്തിപ്പൊടി, വെളിച്ചെണ്ണയിൽ നിന്നുളള ബേബി ഓയിൽ എന്നിവ നാളികേര വികസന കോർപ്പറേഷൻ ഉൽപാദിപ്പിയ്ക്കുന്നു. കോഴിക്കോട് നോർത്ത് എം. എൽ.എ ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ ഉൽഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ ചെയർമാൻ ശ്രീ എം. നാരായണൻ സ്വാഗതം പറഞ്ഞു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ ശശി പൊന്നണ ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ ആശംസകൾ അറിയിച്ചു. കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ മാനേജിങ് ഡയറക്ടർ ശ്രീ എ. കെ. സിദ്ധാർത്ഥൻ നന്ദി പറഞ്ഞു.






കൊടിയത്തൂർ പഞ്ചായത്തിലെ കേരഗ്രാമം പദ്ധതി കൃഷി മന്ത്രി ശ്രീ പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

# അഗ്രി ക്ലിനിക്സ് സംഘടിപ്പിച്ചു

കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ വിദ്യാർത്ഥികൾ ഗ്രാമീണ പ്രവർത്തി പരിചയ പാഠ്യപദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ അഗ്രി ക്ലിനിക്ക് സംഘടിപ്പിച്ചു.



# കസ്തൂർബാ ഗ്രന്ഥശാലയിലെ പച്ചക്കറിത്തോട്ടം പദ്ധതി കൃഷിമന്ത്രി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം പള്ളിച്ചൽ ഗ്രാമ-പഞ്ചായത്ത് കൃഷിഭവന്റെ പൊതുസ്ഥാപനങ്ങളിലെ പച്ചക്കറിത്തോട്ടം പദ്ധതി പ്രകാരം കസ്തൂർബാ ഗ്രാമീണ ഗ്രന്ഥശാലയിൽ ആരംഭം കുറിച്ച പച്ചക്കറിത്തോട്ടത്തിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് നിർവ്വഹിച്ചു. ഒരിഞ്ചു മണ്ണുപോലും പാഴാകാതെ കൃഷി ചെയ്യുവാൻ നമുക്ക് കഴിയണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കാർബൺ ന്യൂട്രൽ കാട്ടാക്കട, ജലസമൃദ്ധി തുടങ്ങിയ മാതൃകാ പദ്ധതികൾ നടപ്പിലാക്കിയ മണ്ഡലമാണ് കാട്ടാക്കട. ഈ മാതൃക എല്ലാ പ്രദേശങ്ങളും അനുകരണീയമാക്കിയാൽ സംസ്ഥാനത്തിന് കാർഷികോൽപ്പന്നങ്ങളിൽ



സ്വയംപര്യാപ്തതയിലേക്ക് എത്തുവാൻ കഴിയും.പച്ചക്കറിയുടെ വില വർധനവ് ഉണ്ടായപ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്നുംപച്ചക്കറി സംസ്ഥാനത്ത് എത്തിച്ചുവെങ്കിലും ഇത് ഒരു ശാശ്വത പരിഹാരമല്ല. പകരം എല്ലാവരും കൃഷിയിലേക്ക് ഇറങ്ങണം എന്നും മന്ത്രി അഭിപ്രായപ്പെട്ടു.

മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി കാസർഗോഡ് ചിത്താരി കിടാരി പാർക്ക് സന്ദർശനവേളയിൽ.






വോർക്കാടി ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ ഓഫീസ് മന്ദിരവും സോളാർ പവർ പ്ലാന്റും മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി ഉദ്ഘടനം ചെയ്തു.

# മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ആരംഭിക്കും: മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി

കർഷകർക്ക് ആശ്വാസമായി സഞ്ചരിക്കുന്ന മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ.ചിഞ്ചുറാണി. പരപ്പ ബ്ലോക്ക് ക്ഷീര കർഷക സംഗമവും കുറുഞ്ചേരിത്തട്ട് ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി. രാത്രി കാലങ്ങളിലും വെറ്ററിനറി ഡോക്ടർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും ലഭ്യമാക്കാൻ ആവശ്യമായ ക്രമീകരണം നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ പശുക്കളെയും ഇൻഷ്വർ ചെയ്യാനുള്ള നടപടിയെടുക്കും. 32 കോടി രൂപ ചിലവഴിച്ച് നിർമ്മിക്കുന്ന പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം ലക്ഷ്മി അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ രാജ്മോഹൻ ഉണ്ണിത്താൻ എം പി മുഖ്യാതിഥിയായിരുന്നു. ക്ഷീരവകുപ്പ് ഡയറക്ടർ ശ്രീ വി പി സുരേഷ് കുമാർ പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത്പ്രസിഡന്റ്ശ്രീ ബേബി ബാലകൃഷ്ണനും മറ്റ് ത്രിതല പഞ്ചായത്ത് പ്രതിനിധികളും ഉദ്യോഗസ്ഥരും തദവസരത്തിൽ സന്നിഹിതരായിരുന്നു.



ക്ഷീര വികസന വകുപ്പ് കാസറഗോഡ് വികസന പാക്കേജ് റിജിയണൽ ഡയറി ലാബ്, ഡയറി ട്രെയിനിങ് സെന്റർ ഹോസ്റ്റൽ കോംപ്ലക്സ് ഉദ്ഘാടനം ക്ഷീര വികസന - മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു.




# തലശ്ശേരി കോഴികളുടെ സംരക്ഷണത്തിന് വെറ്ററിനറി സർവകലാശാലയ്ക്ക് ദേശീയ പുരസ്ക്കാരം

വെറ്ററിനറി സർവകലാശാലയിലെ എ.ഐ.സി.ആർ.പി കോഴി പ്രജനന ഗവേഷണ കേന്ദ്രത്തിന് 2021 ലെ ദേശീയ ബ്രീഡ് കൺസർവേഷൻ അവാർഡ് ലഭിച്ചു. രാജ്യത്തെ തദ്ദേശീയ ജനുസ്സുകളെ ശാസ്ത്രീയമായി സംരക്ഷിക്കുകയും ഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്ന മികച്ച സ്ഥാപനത്തിനാണ് ഐ.സി.എ.ആർ - എൻ.ബി.എ.ജി.ആർ ദേശീയ പുരസ്കാരം നൽകിവരുന്നത്. കേരളത്തിലെ ഏക തദ്ദേശീയ കോഴി ജനുസ്സായ തലശ്ശേരി കോഴികളുടെ സംരക്ഷണ ഗവേഷണ പ്രവർത്തനങ്ങളാണ് എ.ഐ.സി.ആർ .പി ഗവേഷണ കേന്ദ്രത്തെ പുരസ്ക്കാരത്തിന് അർഹമാക്കിയത്.



# തിരുവനന്തപുരം ജില്ല കൃഷി ഓഫീസിൽ ഇ ഓഫീസ് സംവിധാനം നിലവിൽവന്നു

തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഇ- ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. ഇ- ഓഫീസ് സംവിധാനം വരുന്നതോടുകൂടി സേവനങ്ങൾ കാര്യക്ഷമമായി കർഷകരിലേക്ക് വേഗത്തിൽ എത്തിക്കുവാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു. കൃഷി വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളും ഇ- ഓഫീസ് സംവിധാനത്തിലേക്കു മാറുവാനുള്ള സജ്ജീകരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചടങ്ങിൽ ജില്ലാ കൃഷി ഓഫീസർ കെ. എം. രാജു, കൃഷി അഡീഷണൽ ഡയറക്ടർമാരായ സുഷമ, ജോർജ്ജ് അലക്സാണ്ടർ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ജോർജ്ജ് സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.







ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 2022 വർഷത്തെ ഫാം ഗൈഡ് ബഹു: കാർഷിക വികസന കർഷകക്ഷേമവകുപ്പ് മന്ത്രി ശ്രീ പി പ്രസാദ് തിരുവനന്തപുരം സമേതിയിൽ വച്ച് നടന്ന ചടങ്ങിൽ പ്രകാശനം ചെയ്യുന്നു.

# കർഷകന്റെ ജീവിതത്തെ സഹായിക്കുക എന്നതാകണം ഓരോരുത്തരുടെയും ഉത്തരവാദിത്വം : കൃഷിമന്ത്രി

കർഷകന്റെ ജീവിതത്തെ സഹായിക്കുക എന്നതാകണം ഓരോരുത്തരുടെയും ഉത്തരവാദിത്വമെന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്. കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്നും കൃഷിയെ ജനകീയ ഉത്സവമാക്കണമെന്നും കേരള കാർഷിക സർവകലാശാല ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യവേ പ്രൊചാൻസലർ കൂടിയായ



അദ്ദേഹം പറഞ്ഞു വിവിധ ആവാസ വ്യവസ്ഥകൾക്കനുസൃതമായി കൃഷി ശാസ്ത്രത്തെ രൂപപെടുത്തിയെടുക്കണമെന്നും കാലാവസ്ഥാ വ്യതിയാനം മൂലം തകർച്ച നേരിട്ട കാർഷിക മേഖലയെ പുതിയ സംവിധാനത്തിലൂടെ അഭിവൃദ്ധിപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ കാർഷിക രംഗത്ത് നൂതനമായ ആശയങ്ങളും കൃഷി രീതികളും വികസിപ്പിച്ചെടുക്കുന്നതിൽ കാർഷിക സർവകലാശാല വഹിച്ച പങ്ക് ഏറെ പ്രശംസനീയമാണെന്ന് റവന്യൂ മന്ത്രിയും കാർഷിക സർവകലാശാല ഭരണസമിതി അംഗവുമായ ശ്രീ കെ. രാജൻ പ്രത്യേക പ്രഭാഷണം നടത്തി കൊണ്ട് പറഞ്ഞു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് ഡയറക്ടർ ജനറൽ ഡോ. ത്രിലോചൻ മൊഹപത്ര മുഖ്യപ്രഭാഷണം നടത്തി. വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു സ്വാഗതം പറഞ്ഞു.

# കാർഷികയന്ത്രങ്ങൾ വിതരണം നടത്തി

ആദിവാസി വിഭാഗങ്ങൾക്ക് കാർഷികമേഖലയിൽ തൊഴിൽ ലഭ്യമാക്കുക, യന്ത്രവൽക്കരണം വഴി കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുക, ജീവനോപാധി മെച്ചപ്പെടുത്തുക, പോഷകാഹാര ലഭ്യത വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളെ മുന്നിൽ കണ്ടു കൊണ്ട് കേരളകാർഷിക സർവകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജ് വെള്ളായണി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി പവർ ടില്ലർ, കളനിയന്ത്രണത്തിനായി ഉപയോഗിക്കുന്ന ബ്രഷ്കട്ടർ, തെങ്ങുകയറ്റയന്ത്രം, മറ്റ് കാർഷിക ഉപകരണങ്ങൾ എന്നിവ അടങ്ങിയ ടൂൾകിറ്റ് അരുവിക്കര എം.എൽ.എ ശ്രീ. ജി. സ്റ്റീഫൻ കാർഷിക കർമ്മസേനക്ക് നൽകി. കുറ്റിച്ചൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജിമണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു.




സെക്രട്ടറിയേറ്റ് അനക്സിലെ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ഓഫീസിനു മുൻപിൽ സ്ഥാപിച്ച ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണങ്ങളുടെ പ്രദർശന സ്റ്റാന്റിന്റെ ഉത്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു.



ചേർത്തല മുൻസിപ്പാലിറ്റി കേരഗ്രാമം പദ്ധതി ബഹു കൃഷി വകുപ്പ് മന്ത്രി ശ്രീ പി.പ്രസാദ് നിർവഹിച്ചു





# ബേപ്പൂർ സുൽത്താന്റെ സ്വന്തം മാങ്കോസ്റ്റീൻ

**പ്രമോദ് കുമാർ**
ഡി.ഡി., ഫാം ഇൻഫർമേഷൻ ബ്യൂറോ

ബേപ്പൂരിലെ സുൽത്താനായ ശ്രീ. വൈക്കം മുഹമ്മദ് ബഷീർ തന്റെ എഴുത്തും വിരുന്നുകാരുമായുള്ള സംഭാഷണങ്ങളും നടത്തിയിരുന്നത് മാങ്കോസ്റ്റീൻ വൃക്ഷത്തിന്റെ തണലിലിരുന്നായിരുന്നെന്ന് വായിച്ചറിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ വിദേശയിനമാണെങ്കിലും വളരെ വർഷങ്ങൾക്ക് മുൻപ തന്നെ കേരളത്തിൽ കുടിയേറിയ ഒരു വൃക്ഷവിളയാണ് മാങ്കോസ്റ്റീൻ. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ 1500 അടി ഉയരത്തിൽ വരെ വളരുന്നതായി കണ്ടിട്ടുണ്ട്.

തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളാണ് ഈ ഫലവൃക്ഷത്തിന്റെ സ്വദേശം. തായ്‌ലൻഡ്, മലേഷ്യ, ഇൻഡോനേഷ്യൻ ദ്വീപുകൾ എന്നിവിടങ്ങളിൽ ഇത് വ്യാപകമായി കൃഷി ചെയ്യുന്നു. 10 മുതൽ 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന നിത്യഹരിത വൃക്ഷമാണ് മാങ്കോസ്റ്റീൻ. കേരളത്തിൽ മധ്യതിരുവിതാംകൂർ പ്രദേശത്ത് മാങ്കോസ്റ്റീൻ കൃഷി വ്യാപിച്ചിട്ടുണ്ട്.

കടും വയലറ്റ് നിറത്തിൽ മുകളിൽ പച്ചനിറത്തിലുള്ള ഞെട്ടോടുകൂടിയ ഫലം കാഴ്ചയിൽ കൗതുകകരമാണ്. ഉള്ളിൽ വെളുത്ത നിറത്തിൽ മധുരവും പോഷകഗുണവുമടങ്ങിയ കാമ്പും വിത്തുകളും കാണാം.

## കൃഷീരീതി

ആൺ പെൺ വൃക്ഷഭേമില്ലാത്തതിനാൽ വിത്താണ് മാങ്കോസ്റ്റീന്റെ പ്രധാന നടീൽവസ്തു. ഗ്രാഫ്റ്റ് തൈകളും ഉപയോഗിക്കുന്നു. വെള്ളത്തിൽ കുതിർത്ത വിത്തുകൾ 2 മുതൽ 3 ആഴ്ചകൾക്കകം കിളിർക്കും. തുടർന്ന് ചെറിയ ചട്ടിയിലേക്ക് പോട്ടിംഗ് മിശ്രിതം നിറച്ച് മാറ്റി നടാവുന്നതാണ്. തൈകൾ ഏകദേശം 3 തട്ട് ഇലകൾ ഉയരത്തിലെത്തിയാൽ തോട്ടത്തിലേക്ക് മാറ്റി നടാവുന്നതാണ്. 2 വർഷം കൊണ്ടുമാത്രമേ ഇത്രയും വളർച്ച നേടുകയുള്ളൂ. മഴക്കാലത്ത് ഇത് ചെയ്യുന്നതാണ് നല്ലത്. പൊതുവെ തണൽ ഇഷ്ടപ്പെടുന്ന മരമാണ് മാങ്കോസ്റ്റീൻ. ആയതിനാൽ തെങ്ങിൻതോട്ടങ്ങളിലും മറ്റും ഇടവിളയായി കൃഷിചെയ്യാവുന്നതാണ്. ഈർപ്പവും ജലനിർഗ്ഗമന സൗകര്യവുമുള്ള മണ്ണ് കൃഷിയ്ക്ക് അനുയോജ്യമാണ്. വിത്തുകൾക്ക് അങ്കുരണശേഷി വളരെ വേഗം നഷ്ടപ്പെടുമെന്നതിനാൽ വിത്തെടുത്ത ഉടൻ തന്നെ അവ പാകുവാൻ ശ്രദ്ധിക്കുക. 4 വർഷംവരെ 75 % തണൽ നൽകണം. തുടർന്ന് കൂടുതൽ വെളിച്ചം നൽകാവുന്നതാണ്. വേനൽക്കാലത്ത് തൈകൾ നനച്ച് കൊടുക്കണം. 90 : 90 : 90സെ.മി വലിപ്പമുള്ള കുഴികൾ 9 മീറ്റർ അകലത്തിൽ എടുത്ത് തൈകൾ നടാവുന്നതാണ്. അടിവളമായും തുടർവർഷങ്ങളിലും കാലിവളം, കമ്പോസ്റ്റ്, എല്ലുപൊടി എന്നിവ മണ്ണിൽ ചേർക്കുക. പത്ത് വർഷം പ്രായമായ മരത്തിന് 50 കിലോയെങ്കിലും ജൈവവളം ആവശ്യമാണ്. രാസവളം ഒഴിവാക്കാം.

## വിളവെടുപ്പ്

മണ്ണും കാലാവസ്ഥയുമനുസരിച്ച് 6 മുതൽ 12 വർഷം കൊണ്ടാണ് മരങ്ങൾ വിളവെടുപ്പിന് പാകമാകുന്നത്. 100 വർഷം വരെ ആയുസ്സുള്ള വൃക്ഷമാണ് മാങ്കോസ്റ്റീനെങ്കിലും 30 -45 വർഷം പ്രായത്തിലാണ് പരമാവധി ഉത്പാദനം ലഭിക്കുന്നത്. 20 വർഷം പ്രായമുള്ള മരത്തിൽ 500 കായ്കൾ വരെ ലഭിക്കും. ജനുവരി - മാർച്ച് മാസങ്ങളിലാണ് മാങ്കോസ്റ്റീൻ മരങ്ങളിൽ പൂവിടുന്നത്. 4 മാസം കൊണ്ട് കായ്കൾ മൂപ്പെത്തും. ആരംഭത്തിൽ പച്ച നിറത്തിലുള്ള കായ്കൾ വയലറ്റ് നിറമാകുമ്പോഴേക്കും വിളവെടുപ്പ് ആരംഭിക്കാം. ജൂൺ - ഓഗസ്റ്റ് മാസമാണ് വിളവെടുപ്പ്കാലം. പഴങ്ങൾ നിലത്ത് വീഴാതെ ശ്രദ്ധിച്ചു പറിച്ചെടുക്കണം. അല്ലാത്ത പക്ഷം 2 -ാംദിവസം മുതൽ കേടാകും. 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന വൃക്ഷങ്ങളെ നേരത്തെ തന്നെ കൊമ്പുകോതി നിർത്തിയാൽ വിളവെടുപ്പ് എളുപ്പമാകുകയും അതോടൊപ്പം അഴകേറുന്ന കാഴ്ചയുമായിരിക്കും. കേരളത്തിൽ നിന്നുമുള്ള ഫലങ്ങൾ ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ, മുംബൈ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നു. കായ്കൾ പൂർണ്ണമായും മൂപ്പെത്തിയതിന് ശേഷം വിളവെടുത്താൽ ഒരാഴ്ചവരെ സൂക്ഷിപ്പുകാലം ലഭിക്കും.

## കീടരോഗബാധ

വിവിധ ഇനം കുമിളുകളുടെ ആക്രമണം മൂലം ഇലകരിച്ചിൽ, കായ്ച്ചീയൽ ശാഖകളുടെ 'ഡൈ-ബാക്ക്' ശാഖകളുടെ പുറംപൊട്ടി പശപോലുള്ള ദ്രാവകം ഒഴുകൽ തുടങ്ങിയ ലക്ഷണങ്ങൾ കാണാറുണ്ട്. വേരുകളെയും മരത്തിന്റെ ചുവടിനെയും ആക്രമിക്കുന്ന ഫെല്ലിനസ് ഇനത്തിൽപ്പെട്ട കുമിളുകളെയും കണ്ടു വരുന്നു. ആക്രമണം രൂക്ഷമാകുന്ന പക്ഷം ബോർഡോ മിക്സ്ചർ, കോപ്പർഓക്സിക്ലോറൈഡ് തുടങ്ങിയ കുമിൾനാശിനികൾ ഉപയോഗിക്കാം. ഇലതിന്നും കായ്കൾ തുരന്ന് ഭക്ഷിച്ചു നശിപ്പിക്കുന്നതുമായ കീടങ്ങളുടെ ലാർവകളെ കാണാറുണ്ടെങ്കിലും സാധാരണരീതിയിൽ വലിയ നാശനഷ്ടം മരത്തിലുണ്ടാകാറില്ല.

## പോഷകമൂല്യം

100 ഗ്രാം മാങ്കോസ്റ്റീൻ പഴത്തിൽ 6.20 ഗ്രാം വരെ അന്നജവും 1 ഗ്രാം വരെ കൊഴുപ്പും 0.6 ഗ്രാം വരെ മാംസ്യവും കൂടാതെ കാൽസ്യം, ഫോസ്ഫറസ്, പൊട്ടാസ്യം, ഇരുമ്പ് എന്നീ ധാതുക്കളും വൈറ്റമിൻ എ, ബി, ബി 2, സി എന്നിവയും അടങ്ങിയിട്ടുണ്ട്. പഴുത്തപഴം അതേപടിയും ജാം, സ്ക്വാഷ് എന്നിവ തയ്യാറാക്കിയും ഉപയോഗിക്കാം. ഉദര സംബന്ധമായ പ്രശ്നങ്ങൾക്കും ചർമ്മരോഗങ്ങൾക്കും പഴത്തൊലി ഉണക്കിപ്പൊടിച്ച് ഔഷധമായി ഉപയോഗിക്കുന്നു. മൂത്രാശയ സംബന്ധമായ തകരാറുകൾക്ക് മാങ്കോസ്റ്റിൻ ഇല തിളപ്പിച്ച് ഔഷധമായി സേവിക്കുന്നു.

മങ്കോസ്റ്റീൻ മരങ്ങൾ ശരാശരി 8 വർഷം കൊണ്ട് ഫലം തരുമെങ്കിലും 15 വർഷം കൊണ്ട് മാത്രമേ ലാഭകരമായ ഉത്പാദനം ലഭിക്കുകയുള്ളൂ. കാത്തിരിക്കുവാൻ തയ്യാറാണെങ്കിൽ 15 വർഷത്തിൽ തുടങ്ങി 80-100 വർഷം വരെ സ്ഥിരമായ ഉത്പാദനം നൽകുന്ന ഒരു ലാഭകരമായ കൃഷിയാണ് മാങ്കോസ്റ്റീൻ. തെങ്ങിൻതോപ്പിലും മറ്റും ഇടവിളയായി ഈ ഫവല്യക്ഷ വിള തീർച്ചയായും പരീക്ഷിക്കേണ്ടതാണ്.



കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്
കേരഗ്രാമം പദ്ധതി ബഹു കൃഷി
വകുപ്പ് മന്ത്രി ശ്രീ പി.പ്രസാദ്
നിർവഹിച്ചു







ഗോവയിൽ നടന്ന ഓർഗാനിക്
അഗ്രി എക്സ്പോയിലെ കാർഷിക
വികസന കർഷകക്ഷേമ വകുപ്പിന്റെ
പ്രദർശന സ്റ്റാൾ



ചേർത്തല മുൻസിപ്പാലിറ്റി കേരഗ്രാമം
പദ്ധതി ഉദ്ഘാടനം ബഹു.
കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്
നിർവഹിയ്ക്കുന്നു

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh